**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5641** **24-03-2025 - ൽ മറുപടിയ്ക്ക്**

**അങ്കണവാടി ജീവനക്കാരുടെ പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ , ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, ശ്രീ. ടി. സിദ്ദിഖ്, ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീമതി വീണാ ജോർജ്ജ് (ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | അങ്കണവാടി ജീവനക്കാർക്ക് നൽകാനുള്ള പെൻഷൻ അതത് മാസം നൽകാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (എ) | (എ) സംസ്ഥാനത്തെ 33120 അങ്കണവാടികളിലെ വർക്കർമാരിൽ നിന്നും 500/- രൂപയും, ഹെൽപ്പർമാരിൽ നിന്നും 250/- രൂപയും പ്രതിമാസ ക്ഷേമനിധി വിഹിതമായി ശേഖരിക്കുന്ന തുകയും ആയതിന് ആനുപാതികമായി സർക്കാർ നൽകുന്ന 20% വിഹിതവും ഉൾപ്പെടുത്തിയാണ് നിലവിൽ ക്ഷേമനിധിയിൽ നിന്നും പെൻഷൻ അനുവദിച്ച് വരുന്നത്. അങ്കണവാടി ക്ഷേമനിധി ബോർഡിന് പ്രതിമാസം ക്ഷേമനിധി വിഹിതമായി 2,10,98,000/- രൂപ വരുമാനം ലഭിക്കുമ്പോൾ ഒരു മാസം പെൻഷൻ നൽകുന്നതിനു മാത്രമായി 3,90,25,500/- രൂപ ചെലവാകുന്നുണ്ട്. ആയതിനാൽ നിലവിൽ പ്രതിമാസം 1,79,27,500/- രൂപ അധികമായി കണ്ടെത്തേണ്ട സാഹചര്യമാണ് നിലവിലുള്ളത്. കേരള അങ്കണവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡിനു 2024-2025 സാമ്പത്തിക വർഷം സർക്കാർ വിഹിതമായി 9,00,00,000/-രൂപ (ഒൻപത് കോടി രൂപ മാത്രം)യും അധികധനാനുമതിയായി 10,00,00,000/-രൂപ (പത്ത് കോടി രൂപ മാത്രം)യും ഉൾപ്പെടെ ആകെ 19,00,00,000/- (പത്തൊൻപത് കോടി രൂപ മാത്രം) രൂപ ഇതുവരെ അനുവദിച്ചു നൽകിയിട്ടുണ്ട്. വിരമിച്ച അങ്കണവാടി ജീവനക്കാർക്കുള്ള മാർച്ച് 2025 വരെയുള്ള പെൻഷൻ രണ്ടാഴ്ച്ചയ്ക്കകം കൊടുത്തു തീർക്കുവാൻ, വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 14/03/2025-ന് ചേർന്ന യോഗത്തിൽ അങ്കണവാടി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ